**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 554** | **23-02-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിലും വ്യവസായ എസ്റ്റേറ്റുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുവാൻ കഴിയുന്ന ഭൂമിയുണ്ടെങ്കിൽ അവ സ്വകാര്യ വ്യവസായ എസ്റ്റേറ്റു കളാക്കാൻ ആഗ്രഹിക്കുന്നവർ സർക്കാർ ഉത്തരവുകളായ 20/06/17-ലെ സ.ഉ.(എം.എസ്) 47/2017/ഐഡി, 14/08/2018-ലെ സ.ഉ.(എം.എസ്.) 64/2018/ഐഡി എന്നിവ പ്രകാരമുള്ള ഫോം നമ്പർ 1-ൽ അപേക്ഷ കിൻഫ്ര മാനേജിങ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ വ്യവസായം, റവന്യൂ തദ്ദേശ സ്വയംഭരണം, ജലവിഭവം, വൈദ്യുതി, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികളടങ്ങിയ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്ന പക്ഷം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡവലപ്പർ പെർമിറ്റ്(ഫോം-2) അനുവദിക്കുന്ന തായിരിക്കും. ഈ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും എസ്റ്റേറ്റിലെ യൂണിറ്റുകളുടെ മെയിന്റനൻസ് നടത്തേണ്ടതും ഡെവലപ്പർ തന്നെയാണ്. |
| (ബി) | തോട്ട ഭൂമിക്ക് നൽകുന്ന ഇളവ് വ്യവസായ സ്ഥാപനങ്ങൾക്കും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ടി വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | വ്യവസായം തുടങ്ങുന്നതിനുള്ള സൗകര്യമൊരുക്കി അഞ്ച് ഏക്കർ ഭൂമിയാണ് ലഭിക്കുന്നതെങ്കിലും അതിന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്ന പദവി നൽകുമോ; ആയത് വ്യവസായ സംരംഭകരെ ഏതു രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ബഹുനില വ്യവസായ സമുച്ചയമാണ്. നിലവിൽ സർക്കാർ ഉടമസ്ഥയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ മാത്രമാണ് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചു വരുന്നത്. |
| (ഡി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ സ്ഥലം നൽകുന്നതും ഇത് സംബന്ധിച്ചുള്ള കരാറിൽ ഏർപ്പെടുന്നതും എസ്റ്റേറ്റ് ഉടമയും സംരഭകനും നേരിട്ടായിരിക്കുമോ; ഇതു സംബന്ധിച്ച് | (ഡി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലെ ഉടമയും സംരംഭകനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എസ്റ്റേറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവിൽ പരാമർശമില്ല. എന്നാൽ |

| | | | |
|---|---|---|---|
| | സർക്കാരിന്റെ സമീപനം എന്തായിരിക്കുമെന്ന് വിശദീകരിക്കാമോ? | | സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരണത്തിന് പുതിയ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ